**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4995** **01-11-2021 - ൽ മറുപടിയ്ക്ക്**

**പ്രളയ ദുരിതബാധിതർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രളയം മൂലം ദുരിതബാധിതരായ എല്ലാവർക്കും ആനുകൂല്യങ്ങൾ വിതരണംചെയ്തു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (എ) | 2019 ലെ പ്രളയത്തിൽ ദുരിതം ബാധിച്ചവരിൽ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ധനസഹായം അനുവദിച്ചു. എങ്കിലും സാങ്കേതിക പ്രശ്നങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളിലെ തെറ്റുകൾ കാരണവും കുറച്ച് പേർക്ക് തുക ലഭിക്കാത്ത/ കൈപ്പറ്റാനാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പ്രസ്തുത പിഴവുകൾ പരിഹരിച്ച് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ധനസഹായം ലഭിക്കാതെ പോയ ദുരിത ബാധിതർക്ക് മാത്രമായി ധനസഹായം ലഭ്യമാക്കുന്നതിന് റവന്യൂ പോർട്ടലിൽ സൗകര്യം ചെയ്തിട്ടുണ്ട്. തുക ലഭിക്കാൻ ബാക്കിയുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ജില്ലാ** | **ധനസഹായം അനുവദിക്കാനുള്ളവരുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 2 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 0 |
| കോട്ടയം | 204 |
| ഇടുക്കി | 1 |
| എറണാകുളം | 99 |
| തൃശ്ശൂർ | 282 |
| പാലക്കാട് | 95 |
| മലപ്പുറം | 4 |
| കോഴിക്കോട് | 2557 |
| വയനാട് | 338 |
| കണ്ണൂർ | 105 |
| കാസർഗോഡ് | 21 |